കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

## ഡോ.ജി.ഗംഗാധരൻ നായരുടെ സ്മരണയ്ക്ക് കേരള സംഗീത നാടക അക്കാദമി പുരസ്കാരം നൽകും.പുരസ്കാരതുക ഗംഗാധരൻ നായരുടെ ജീവിത പങ്കാളി അക്കാദമിക്ക് കൈമാറി

പ്രശസ്ത നാടകചിന്തകനും രംഗസംവിധായകനുമായ ഡോ.ജി.ഗംഗാധരൻ നായരുടെ സ്മരണയ്ക്ക് അദ്ദേഹത്തിന്റെ കുടുംബം ഏർപ്പെടുത്തിയ ചിറയിൽകീഴ് ഡോ.ജി.ഗംഗാധരൻ നായർ പുരസ്കാരം അമേച്വർ നാടകവിഭാഗത്തിലെ മികച്ച രംഗസംവിധായകന് എല്ലാ വർഷവും കേരള സംഗീത നാടക അക്കാദമി നൽകും. 25000 രൂപയും ശില്പവും സർട്ടിഫിക്കറ്റുമടങ്ങിയ പുരസ്കാരമാണ് നൽകുക. അക്കാദമി നിർവ്വാഹക സമിതി തീരുമാനിക്കുന്ന ജൂറിയായിരിക്കും പുരസ്കാര ജേതാവിനെ തെരഞ്ഞെടുക്കുക. അവാർഡ് ജേതാവിനെ തെരഞ്ഞെടുക്കുന്നതിനും അവാർഡ് വിതരണം ചെയ്യുന്നതിനും അനുബന്ധ ചെലവുകൾക്കുമായി ഏഴ്ലക്ഷം രൂപയുടെ ചെക്ക് ഡോ.ജി ഗംഗാധരൻ നായരുടെ പത്നി കാഞ്ചന.കെ അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളിക്ക് കൈമാറി. അക്കാദമി സെക്രട്ടറിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ അക്കാദമി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.ബി ശുഭ ,അക്കാദമി ജീവനക്കാർ എന്നിവർ സംബന്ധിച്ചു.

സെക്രട്ടറി

കരിവെള്ളൂർ മുരളി